LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ ഖനനങ്ങൾക്ക് നൽകിയ അനുമതി

179 (4761) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം ഖനനങ്ങൾക്കാണ് സർക്കാർ വകുപ്പുകളുടെ അനുമതികൾ ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനം അനധികൃതമായി ഖനനം നടത്തുന്നത് ഏതു നിയമത്തിന്റെ പിൻബലത്തിലാണെന്ന് വ്യക്തമാക്കാമോ ; ഇത്തരത്തിൽ ഖനനം നടത്തുന്ന സ്ഥാപന മേലധികാരിക്കെതിരെ ശിക്ഷണ നടപടി എടുക്കാനുള്ള കാലതാമസമെന്തെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലാറ്ററൈറ്റ്, ബോക്സൈറ്റ് എന്നീ ധാതുക്കളുടെ ഖനനത്തിനാണ് അനുമതി ഉള്ളത്.

(ബി) കേരള ക്ലെയ്സ് ആന്റ് സെറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് അനുമതി നൽകിയിട്ടുള്ളത്. ആ സ്ഥാപനത്തിന്റെ പ്രവർത്തനം അനധികൃതമല്ല.

കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് ബോക്സൈറ്റ് ഖനനം

180 (4762) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിലെ കരിന്തളത്ത് ബോക്സൈറ്റ് ഖനനം നടത്തുന്നതിന് കെ. സി. സി. പി. എൽ.-ന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കെ.സി.സി.പി.എൽ.-ന് ബോക്സൈറ്റ് ഖനനത്തിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) & (ബി) കേരള ക്ലെയ്സ് ആന്റ് സെറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന് ലാറ്ററൈറ്റ് ഖനനത്തിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഖനനം പുരോഗമിക്കുന്നതിനിടയിൽ ഖനന സ്ഥലത്ത് ബോക്സൈറ്റ് എന്ന ധാതു കണ്ടെത്തുകയും ഈ വിവരം കമ്പനി കേന്ദ്ര ചട്ടമായ 1960-ലെ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 27(1) പ്രകാരം സർക്കാരിന്റെയും